MONDAY

08.07.2024

തിങ്കളാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## Farm Information Bureau

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR    Editor : Dr BINU HARRIET IVAN



Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 08/07/2024

1. പട്ടികവർഗ്ഗത്തിൽപ്പെട്ട തൊഴിൽ രഹിതർക്ക് തൊഴിൽ സംരംഭം തുടങ്ങാൻ പട്ടികവർഗ്ഗ വികസന വകുപ്പും പൊതുമേഖലാസ്ഥാപനമായ മീറ്റ് പ്രോഡക്ട്സ് ഓഫ് ഇൻഡ്യയും സംയുക്തമായി ചേർന്ന് സംശുദ്ധവും സംപുഷ്ടവുമായ എംപിഐയുടെ ഇറച്ചിയും ഇറച്ചി ഉൽപ്പന്നങ്ങളുടെയും വിപണനം നടത്താനുള്ള ഷോപ്പുകൾ സ്ഥാപിച്ചു നൽകുന്നു. ഒരു ഗുണഭോക്താവിന് സൗജന്യമായി 3 ലക്ഷം രൂപയുടെ മുതൽമുടക്കിലാണ് മീറ്റ് ഷോപ്പുകൾ സ്ഥാപിച്ചു നൽകുന്നത്. പ്രവർത്തന മൂലധനവും വാടകമുറിക്കുള്ള സെക്യൂരിറ്റി തുകയും ഇതിൽ ഉൾപ്പെടും. വൈദ്യുതി കണക്ഷനുള്ള 100 Sq വിസ്തീർണ്ണമുള്ള കടമുറി വാടകയ്ക്കോ സ്വന്തമായോ ഗുണഭോക്താവ് കണ്ടെത്തി അറിയിക്കണം. ആകെ 10 പേർക്കാണ് ഇപ്പോൾ ഈ ആനുകൂല്യം നൽകുന്നത്. അപേക്ഷകൾ അതത് ജില്ലകളിൽ ഡെവലപ്മെൻറ് ഓഫീസറുടെ ശുപാർശകളോടെ ലഭിക്കേണ്ട അവസാന തീയതി 31/07/2024. കൂടുതൽ വിവരങ്ങൾക്ക് അസിസ്റ്റന്റ് മാനേജർ (മാർക്കറ്റിംഗ്), എം പി ഐ ലിമിറ്റഡ്, എടയാർ പി.ഒ, കൂത്താട്ടുകുളം. കൂടുതൽ വിവരങ്ങൾക്ക് 8281110007 എന്ന ഫോൺ നമ്പറിലോ mpiedayarmkt@gmail.com എന്ന ഇമെയിൽ വിലാസത്തിലോ പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ 5 മണി വരെയുള്ള സമയങ്ങളിൽ ബന്ധപ്പെടുക.

2. കെ എൽ ഡി ബോർഡ്, ധോണി ഫാം പാലക്കാടിൽ നിന്ന് ക്ഷീര കർഷകർക്ക് മിതമായ നിരക്കിൽ വിവിധയിനം തീറ്റപ്പുൽ വിത്തുകളും (ഗിനിപ്പുല്ല്, സിഗ്നൽപ്പുല്ല്, മക്കച്ചോളം, സുബാബൂൾ മുതലായവയുടെ) പുൽത്തണ്ടുകളും (co -3, co -4, co -5, റെഡ് നേപ്പിയർ, സൂപ്പർ നേപ്പിയർ, ഡ്വാർഫ് നേപ്പിയർ എന്നിവയുടെ) കോംഗോ സിഗ്നൽ, സിഗ്നൽ, ഹ്യൂമിഡികോളാ, ഗിനിപ്പുല്ല് എന്നിവയുടെ തൈകളും വിൽക്കപെടുന്നുണ്ട്.

വിത്തുകളും തണ്ടുകളും നേരിട്ടും പാർസൽ മുഖേനയും നല്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 9446004285, 9048702812, 6282824544, 9446150097 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

3. ക്ഷീരവികസന വകുപ്പിന്റെപട്ടത്തുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് 2024 ജൂലൈ 20 മുതൽ 31 വരെയുള്ള10 പ്രവൃത്തി ദിവസങ്ങളിൽ **ക്ഷീരോല്പന്ന നിർമ്മാണ പരിശീലനം** എന്ന വിഷയത്തിൽ പരിശീലന പരിപാടി ഉണ്ടായിരിക്കുന്നതാണ്. പങ്കെടുക്കാൻ താല്പര്യമുള്ളവർ ഈ മാസം 19-ാം തീയതി വൈകുന്നേരം 5 മണിയ്ക്ക് മുമ്പായി ഈ പരിശീലന കേന്ദ്രത്തിൽ ഫോൺ മുഖേനയോ, നേരിട്ടോ രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 135/- രൂപ. കൂടുതൽ വിവരങ്ങൾക്ക് ക്ഷീരപരിശീലന കേന്ദ്രം, പൊട്ടക്കുഴി റോഡ്, പട്ടം, പട്ടം പി.ഒ., തിരുവനന്തപുരം - 695004.

എന്ന വിലാസത്തിലോ, 0471-2440911 എന്ന ഫോൺ നമ്പരിലോ principaldtctvm@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

4. സർക്കാർ പൊതുമേഖലാ സ്ഥാപനമായ സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന് (കെപ്കോ) കീഴിൽ പ്രവർത്തിക്കുന്ന മുട്ടക്കോഴി വളർത്തൽ കേന്ദ്രത്തിൽ നിന്നും ഉൽപ്പാദിപ്പിക്കുന്ന ഗുണമേന്മയുള്ള ഒരു ദിവസം പ്രായമായ ബി. വി-380 ഇനത്തിൽപ്പെട്ട മുട്ടക്കോഴിക്കുഞ്ഞുങ്ങൾ വിൽപ്പനയ്ക്ക്. ആവശ്യമുള്ളവർ, രാവിലെ 10.00 മണിമുതൽ വൈകുന്നേരം 5.00 മണിവരെ 9495000915 എന്ന നമ്പരിൽ ബന്ധപ്പെടേണ്ടതാണ്.

5. ക്ഷീരവികസന വകുപ്പിൻ്റെ വാർഷിക പദ്ധതി 2024-2025 എംഎസ്ഡിപി പദ്ധതിയിൽ ഉൾപ്പെടുത്തി ക്ഷീരലയം യൂണിറ്റിനുള്ള അപേക്ഷകൾ ക്ഷണിച്ചു. തോട്ടം മേഖലയിലെ തൊഴിലാളികളുടെ വരുമാന വർദ്ധനവിനായി ക്ഷീരവികസന വകുപ്പ് ഇടുക്കി ജില്ലയിൽ

പ്രത്യേകമായി നടപ്പിലാക്കുന്ന പദ്ധതിയാണിത്. വകുപ്പിന്റെ നേതൃത്വത്തിൽ ക്ഷീരസഹകരണ സംഘങ്ങളുടെ സഹകരണത്തോടെ ലയത്തിലെ തൊഴിലാളികൾക്ക് കാലികളെ വളർത്തുന്നതിനാവശ്യമായ തൊഴുത്ത് നിർമ്മിക്കുന്നതിനും കാലികളെ വാങ്ങുന്നതിനും അവയെ പരിപാലിക്കുന്നതിനുമുള്ള പദ്ധതിയാണ് ക്ഷീരലയം. ഒരു ക്ഷീരലയത്തിന് 11 ലക്ഷം രൂപയാണ് വകുപ്പ് ധനസഹായം വകയിരുത്തിയിരിക്കുന്നത്. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള ക്ഷീരവികസന യൂണിറ്റുമായി ബന്ധപ്പെടുക.

6. പീലിക്കോട് പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ ഉൽപാദിപ്പിച്ച സങ്കരയിനം തെങ്ങിൻ തൈകളും, നാടൻ തെങ്ങിൻ തൈകളും, കവുങ്ങിൻ തൈകളും വിൽപനക്ക് തയ്യാറായിട്ടുണ്ട്. ആവശ്യക്കാർക്ക് രാവിലെ ഒമ്പത് മുതൽ വൈകിട്ട് മൂന്ന് മണി വരെ കേന്ദ്രത്തിലെ സെയിൽസ് കൗണ്ടറിൽ തൈകൾ ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് 0467 2260632, 8547891632 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

7. ഫിഷറീസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ അഭ്യസ്ത വിദ്യരായ യുവജനങ്ങൾക്കായുള്ള അക്വാകൾച്ചർ പരിശീലന പരിപാടിയിലേക്ക് 20 നും 30 നും ഇടയ്ക്ക് പ്രായമുള്ള പരിശീലനാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. പരിശീലനാർത്ഥികൾ ബി.എസ്.സി. അക്വാകൾച്ചർ അല്ലെങ്കിൽ വി.എച്ച്.എസ്.ഇ. അക്വാകൾച്ചർ വിജയകരമായി പൂർത്തീകരിച്ചവരായിരിക്കണം. മത്സ്യത്തൊഴിലാളി വിഭാഗത്തിൽപ്പെട്ടവർക്ക് മുൻഗണന ഉണ്ടായിരിക്കും. ഫിഷറീസ് വകുപ്പിനു കീഴിലുള്ള തെരഞ്ഞെടുക്കപ്പെട്ട ഫാമുകളിലും ഹാച്ചറികളും മറ്റു ട്രെയിനിങ് സെന്ററുകളിലുമായിരിക്കും പരിശീലനം. 6 പേർക്ക് മാത്രമായി നിജപ്പെടുത്തിയ പരിശീലത്തിന്റെ കാലാവധി 8 മാസമായിരിക്കും. പ്രസ്തുത കാലയളവിൽ പ്രതിമാസം 10000 രൂപ സ്റ്റൈപ്പന്റ് അനുവദിക്കും. താല്പര്യമുള്ളവർ ജൂലൈ 10നു മുമ്പായി നിർദിഷ്ട

മാതൃകയിലുള്ള അപേക്ഷ ഫിഷറീസ് ജോയിന്റ് ഡയറക്ടർ ഓഫീസ് (ട്രെയിനിംഗ്) കിഴക്കേ കടുങ്ങല്ലൂർ, യു സി കോളേജ് പി.ഒ, ആലുവ എന്ന വിലാസത്തിലോ ഓഫീസിന്റെ ഇമെയിൽ (nifamaluva@gmail.com) മുഖേനയോ സമർപ്പിക്കേണ്ടതാണ്. അപേക്ഷ ഫോറം ഫിഷറീസ് വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്. അവസാന തിയതിക്ക് ശേഷം ലഭിക്കുന്ന അപേക്ഷ പരിഗണിക്കുന്നതല്ല.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം